**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4175** — **24.10.2016**-ൽ മറുപടി നൽകേണ്ടത്

## ചെക്ക് പോസ്റ്റുകളിൽ ക്യാമറ അധിഷ്ഠിത ആഭ്യന്തര സുരക്ഷ

| | **ചോദ്യം**<br>ശ്രീ.കെ.കൃഷ്ണൻകുട്ടി | | **മറുപടി**<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ തമിഴ്നാട് അതിർത്തിയിലുള്ള ചെക്ക് പോസ്റ്റുകളിൽ ക്യാമറ അധിഷ്ഠിത ആഭ്യന്തര സുരക്ഷാ നിരീക്ഷണത്തിനായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ വാളയാർ വാണിജ്യ നികുതി വകുപ്പ് ചെക്ക് പോസ്റ്റിലും, പാലക്കാട് ജില്ലയിൽ എക്സൈസ് വകുപ്പിന്റെ കീഴിലുള്ള വാളയാർ, വേലന്താവളം, ഗോപാലപുരം, മീനാക്ഷിപുരം, ഗോവിന്ദപുരം എന്നീ അഞ്ച് ചെക്ക് പോസ്റ്റുകളെയും ഉൾപ്പെടുത്തി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിലേയ്ക്കായി വകയിരുത്തിയ തുക എത്ര ; നിലവിൽ ഏതൊക്കെ ചെക്കുപോസ്റ്റുകളിലാണ് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്; അവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണ്;വ്യക്തമാക്കുമോ; | (ബി) | ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ പദ്ധതി പ്രകാരം ആവശ്യമായ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>തിരുവനന്തപുരം അമരവിള ചെക്ക് പോസ്റ്റിൽ മാത്രമാണ് നിരീക്ഷണ ക്യാമറ സ്ഥാപിച്ചിട്ടുള്ളത്. ആയത് ഇപ്പോൾ പൂർണ്ണമായും പ്രവർത്തനക്ഷമമല്ല |
| (സി) | നിലവിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാത്ത ചെക്ക് പോസ്റ്റുകൾ ഏതൊക്കെയാണ്; ഇവിടെ നിരീക്ഷണക്യാമറകൾ എപ്പോൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | അമരവിള ചെക്ക്പോസ്റ്റ് ഒഴികെ സംസ്ഥാനത്തെ ഒരു ചെക്ക്പോസ്റ്റിലും നിലവിൽ നിരീക്ഷണ ക്യാമറ സ്ഥാപിച്ചിട്ടില്ല വാണിജ്യ നികുതി വകുപ്പിന്റെ കീഴിലുള്ള വാളയാർ, മുത്തങ്ങ, മഞ്ചേശ്വരം, അമരവിള, ആര്യങ്കാവ്, കുമളി, വഴിക്കടവ് ചെക്ക് പോസ്റ്റുകളിൽ ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

Ajitha

സെക്ഷൻ ഓഫീസർ